✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1091

# സൂറ - 36 / യാസീൻ

## സൂക്തം: 52 - 58

ഓരോ വ്യക്തിക്കും, അയാൾ ഭൗതിക ലോകത്ത് പ്രവർത്തിച്ചതെന്താണോ അതർഹിക്കുന്ന കർമഫലം മാത്രം വിധിക്കുന്നു. മനുഷ്യകർമങ്ങൾ തെളിയിക്കാനുള്ള ഏറ്റം പ്രബലമായ രേഖയാണ് കർമപുസ്തകം. ഖുർആൻ കർമപുസ്തകം എന്ന് വ്യവഹരിക്കുന്നത് അതവതരിക്കുന്ന കാലത്ത് പൂർവ സംഭവങ്ങൾ കൃത്യമായി സൂക്ഷിക്കാനുള്ള പരിചിതമായ ഒരേയൊരു മാർഗം പുസ്തകത്തിൽ എഴുതിവെക്കുക മാത്രമായിരുന്നതുകൊണ്ടാവാം. ആധുനിക ഓഡിയോ-വീഡിയോ വിദ്യകളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ കർമപുസ്തകം പുസ്തകം തന്നെ ആയിക്കൊള്ളണമെന്നില്ല. ജീവിതം മുഴുവൻ ഒറ്റനോട്ടത്തിൽ ദൃശ്യമാകുന്ന മറ്റെന്തെങ്കിലും സങ്കേതവുമാകാം.

قَالُوا۟ يَٰوَيْلَنَا مَنۢ بَعَثَنَا مِن مَّرْقَدِنَا ۜ ۗ هَٰذَا مَا وَعَدَ ٱلرَّحْمَٰنُ وَصَدَقَ ٱلْمُرْسَلُونَ ﴿٥٢﴾

إِن كَانَتْ إِلَّا صَيْحَةً وَٰحِدَةً فَإِذَا هُمْ جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٥٣﴾

52. അവർ വിലപിക്കുകയായി: ഹാ കഷ്ടം, നമ്മുടെ മഹാനാശം! നമ്മുടെ നിദ്രാസ്ഥാനങ്ങളിൽനിന്ന് നമ്മെ വിളിച്ചുണർത്തിയതാരാണ്? ഇത് പരമകാരുണികനായ ദൈവം വാഗ്ദാനം ചെയ്തതുതന്നെയാകുന്നു. ദൈവദൂതന്മാർ പറഞ്ഞതൊക്കെയും സത്യം തന്നെയായിരുന്നു കെട്ടോ.

53. ഒരൊറ്റ ഘോര ശബ്ദം മാത്രമായിരുന്നു. അവരൊക്കെയും നമ്മുടെ മുന്നിൽ ഹാജരാക്കപ്പെടുകയായി.

**52,53**

قَالُوا = അവർ പറഞ്ഞു (വിലപിക്കുകയായി) يَا وَيْلَنَا = ഹാ കഷ്ടം, നമ്മുടെ മഹാനാശം

مَن بَعَثَنَا = നമ്മെ(വിളിച്ച്) ഉണർത്തിയതാരാണ് مِن مَّرْقَدِنَا = നമ്മുടെ നിദ്രാസ്ഥാനങ്ങളിൽനിന്ന്

هَٰذَا مَا وَعَدَ الرَّحْمَٰنُ = ഇത് പരമകാരുണികൻ(പരമകാരുണികനായ ദൈവം) വാഗ്ദാനം ചെയ്തതു(തന്നെ) ആകുന്നു

وَصَدَقَ = സത്യം പറഞ്ഞു (സത്യം തന്നെ ആയിരുന്നു കെട്ടോ) الْمُرْسَلُونَ = ദൈവദൂതന്മാർ (പറഞ്ഞത്)

إِن كَانَتْ إِلَّا صَيْحَةً وَاحِدَةً = അത് ഒരു (ഒരൊറ്റ) ഘോര ശബ്ദം അല്ലാതെ ആയിരുന്നില്ല (മാത്രമായിരുന്നു)

فَإِذَا هُمْ جَمِيعٌ = അപ്പോൾ അവരെല്ലാവരും അതാ لَّدَيْنَا مُحْضَرُونَ = നമ്മുടെ മുന്നിൽ ഹാജരാക്കപ്പെ(ടുകയായി)ട്ടവരാകുന്നു

ഉറങ്ങിക്കിടന്നിടത്തുനിന്ന് പെട്ടെന്ന് ആരോ വിളിച്ചുണർത്തിയതുപോലെയാണ് ഉയിർത്തെഴുന്നേൽപ് ആദ്യം അവർക്ക് തോന്നുക. ഒരു ദിവസം അല്ലെങ്കിൽ ഏതാനും മണിക്കൂറുകൾ മാത്രമേ ഉറങ്ങിയിട്ടുള്ളൂ എന്നും തോന്നും كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوا إِلَّا عَشِيَّةً أَوْ ضُحَاهَا (ഒരു സന്ധ്യ അല്ലെങ്കിൽ അതിന്റെ പൂർവാഹ്നം മാത്രമേ താമസിച്ചിട്ടുള്ളൂ എന്നാണവർക്ക് തോന്നുക- 79:46). അത് ആശ്വാസകരമായ അന്തരീക്ഷത്തിലേക്കുള്ള ഉന്മേഷകരമായ ഉണർവായിരിക്കുകയില്ല. ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന അന്തരീക്ഷം തന്നെ ദൈവധിക്കാരികളെയും മഹാ പാപികളെയും കടുത്ത ഭയവിഹ്വലതയിലകപ്പെടുത്തുന്നു. തങ്ങൾ മഹാനാശത്തിലകപ്പെട്ടിരിക്കുകയാണെന്നും ജീവിതകാലത്ത് തള്ളിപ്പറഞ്ഞ

ഉയിർത്തെഴുന്നേൽപാണിതെന്നും രക്ഷാശിക്ഷകൾ വിധിക്കുന്ന വിചാരണാ സഭയിലേക്കാണ് നയിക്കപ്പെടുന്നതെന്നും ഒരു ഞെട്ടലോടെ അവർ മനസ്സിലാക്കുന്നു. ആ ബോധ്യത്തിന്റെ പ്രകടനമാണ് ഹാ കഷ്ടം...ഞങ്ങൾ മഹാ നാശത്തിൽ പതിച്ചുപോയിരിക്കുന്നു എന്ന വിലാപം. ആരാണ്, എന്തിനാണ് ഞങ്ങളെ ഈ സ്ഥിതിവിശേഷത്തിലേക്ക് ഉയിർത്തെഴുന്നേൽപിച്ചത്! ഇതിനേക്കാൾ എത്രയോ ഭേദം ശരീരങ്ങൾ മണ്ണിൽ ലയിച്ചുകിടക്കുന്നതും ആത്മാക്കൾ (ارواح) ബർസഖീ ലോകത്ത് നിലകൊള്ളുന്നതും തന്നെയായിരുന്നു. ഒരു കവി പാടിയതുപോലെ:

وَلَوْ أَنَّا اَذامُتْنا تركْنا .......... لَكَانَ الْمَوْتُ رَاحَةَ كُلّ حَيِّ
وَلَكِنَّا اِذَا مِتْنَا بُعِثْنَا ........... وَنُسْأَلُ بَعدهِ عَن كُلِّ شَيْئٍ

(നാം മൃതിയടഞ്ഞാൽ അപ്പടി ഉപേക്ഷിക്കപ്പെട്ടിരുന്നുവെങ്കിൽ, മരണം ജീവികൾക്കൊക്കെയും ആശ്വാസകരമാകുമായിരുന്നു. പക്ഷേ, മരിച്ചാൽ നാം ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നു. അനന്തരം ജീവിതത്തിലെ സകല കാര്യങ്ങളെക്കുറിച്ചും ചോദിക്കപ്പെടുകയും ചെയ്യുന്നു).

അബുൽ അലാഅ് അൽ മഅർറിയുടെ ഒരു ഈരടിയും ഈ സന്ദർഭത്തിൽ അനുസ്മരണീയമാകുന്നു:

زَعَمَ الْمُنَجِّمُ وَالطَّبِيبُ كِلَاهُمَا ...... لَا تُحْشَر الْأَجْسَادُ قُلْتُ إِلَيْكُمَا
اِنْ صَحَّ قَوْلُكُمَا فَلستُ بِخَاسِرٍ ...... اَوْ صَحَّ قَوْلِى فَالْخِسَارُ عَلَيْكُمَا

(ജോത്സ്യനും വൈദ്യനും ജഡങ്ങൾ പുനഃസംഘടിപ്പിക്കപ്പെടില്ലെന്നു വാദിച്ചു. ഞാൻ പറഞ്ഞു: നിങ്ങൾക്കങ്ങനെ വാദിക്കാം. നിങ്ങളുടെ വാദമാണ് ശരിയെങ്കിൽ എനിക്കൊന്നും നഷ്ടപ്പെടാനില്ല. പക്ഷേ, എന്റെ വാദമാണ് ശരിയെങ്കിൽ നിങ്ങളിരുവർക്കും മഹാ നഷ്ടമുണ്ടാകും).

പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്ദേശങ്ങൾ- ദൈവവിശ്വാസവും പരലോകവും ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളുമെല്ലാം- തികഞ്ഞ സത്യങ്ങളായിരുന്നുവെന്ന് ഇപ്പോഴവർ ഖേദത്തോടെ മനസ്സിലാക്കുന്നു. പക്ഷേ, അതൊക്കെ ഇപ്പോൾ മനസ്സിലാക്കിയതുകൊണ്ട് ഒരു ഗുണവുമില്ല. പ്രവർത്തനത്തിന്റെയും മുൻകരുതലിന്റെയും കാലം കഴിഞ്ഞുപോയി. ഇപ്പോൾ ആസന്നമായിരിക്കുന്നത് കർമഫലത്തിന്റെ കാലമാണ്. സൂറ *അസ്സ്വാഫ്ഫാത്ത്* 19-21 സൂക്തങ്ങൾ ഈ അവസ്ഥയെ വർണിക്കുന്നതിങ്ങനെയാണ്:

فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ فَإِذَا هُمْ يَنظُرُونَ ﴿١٩﴾ وَقَالُوا يَا وَيْلَنَا هَٰذَا يَوْمُ الدِّينِ ﴿٢٠﴾ هَٰذَا يَوْمُ الْفَصْلِ الَّذِي كُنتُم بِهِ تُكَذِّبُونَ ﴿٢١﴾

(അത് ഒരൊറ്റ ഗർജനം മാത്രം. അവരതാ താക്കീതു ചെയ്യപ്പെട്ടതെല്ലാം നോക്കിക്കാണുന്നു. നാം നമ്മുടെ ദൗർഭാഗ്യം ഇതു കർമഫല ദിനമാണല്ലോ എന്നു വിലപിക്കുന്നു. അതേ, നിങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടിരുന്ന വിധിദിനം തന്നെയാണിത്). മൂന്നാമത്തെ കുഴലൂത്തും ഉയിർത്തെഴുന്നേൽപുമെല്ലാം ഒറ്റ നിമിഷം കൊണ്ട് കഴിയും എന്നാണ് إِن كَانَتْ.... مُحْضَرُونَ എന്ന സൂക്തം വ്യക്തമാകുന്നത്. അതായത് അല്ലാഹുവിന് നിങ്ങളെ ഉയിർത്തെഴുന്നേൽപിക്കാനും വിചാരണക്ക് ഹാജരാക്കാനും ഏറെ സമയമൊന്നും വേണ്ട. പരിപാടികൾ ആസൂത്രണം ചെയ്യുകയോ ഉപകരണങ്ങളൊരുക്കുകയോ ഒന്നും വേണ്ട. അങ്ങനെ സംഭവിക്കണമെന്നിഛിക്കേണ്ട താമസമേയുള്ളൂ, അതു സംഭവിക്കുകയായി. فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ ﴿١٣﴾ فَإِذَا هُم بِالسَّاهِرَةِ ﴿١٤﴾ (അതൊരൊറ്റ ഗർജനം മാത്രം. ഉടനെ അവരൊക്കെയും വിചാരണാ മൈതാനിയിൽ ഹാജരായിരിക്കും). مُحْضَرُونَ (ഹാജരാക്കപ്പെടുന്നവരാകുന്നു) എന്നാണ് ഇവിടെ പറയുന്നത്. അവർ സ്വയം ഹാജരാവുകയല്ല, അവരെ കുറ്റവാളികളെന്ന നിലയിൽ പിടികൂടി വിചാരണക്ക് ഹാജരാക്കുകയാണ് എന്ന ധ്വനിയുണ്ടിതിൽ.

ഇവിടെ പരാമർശിച്ച وَعَدَ വാഗ്ദാനമാവാം, താക്കീതുമാവാം. ഉയിർത്തെഴുന്നേൽപിക്കപ്പെട്ട സത്യനിഷേധികൾക്ക് പ്രവാചകന്മാർ നൽകിയത് മുന്നറിയിപ്പും താക്കീതുമായിരുന്നു. സത്യവിശ്വാസികളായ സജ്ജനങ്ങൾക്ക് നൽകിയിരുന്നത് സ്വർഗസൗഭാഗ്യങ്ങളുടെ വാഗ്ദാനമായിരുന്നു. رقد (ഉറക്കം)-ന്റെ സ്ഥാനനാമമാണ് مَرْقَد -ഉറക്കിടം.

......... هَٰذَا مَا وَعَدَ എന്ന വാക്യത്തിന്റെ വക്താവ് ആരെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾ വ്യത്യസ്തമായ അഭിപ്രായങ്ങൾ പറഞ്ഞിരിക്കുന്നു. ഉയിർത്തെഴുന്നൽപിക്കപ്പെടുന്ന അവിശ്വാസികൾ പറയുന്നതാണതെന്നാണ് പ്രഥമ വായനയിൽ മനസ്സിലാവുക. അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചിട്ടുള്ളതും അതുതന്നെയാണ്. 'ഞങ്ങളെ വിളിച്ചുണർത്തിയതാര്?' എന്ന അവരുടെ ചോദ്യത്തിന് അല്ലാഹു നൽകുന്ന മറുപടിയാണതെന്നാണ് ചിലരുടെ അഭിപ്രായം. വിശ്വാസികൾ അവരോട് പറയുന്നതാണെന്നു മറ്റു ചിലർ. മലക്കുകളാണത് പറയുന്നതെന്ന അഭിപ്രായമാണ് വേറെ ചിലർക്കുള്ളത്. ആ സന്ദർഭത്തിന്റെ ഭാഷ്യമാകാം അതെന്ന് കരുതുന്നവരുമുണ്ട്. പദപ്രയോഗത്തിൽ ഈ വ്യാഖ്യാനഭേദങ്ങൾക്കെല്ലാം പഴുതുണ്ടെങ്കിലും ആദ്യം പറഞ്ഞതാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. ●

---

فَالْيَوْمَ لَا تُظْلَمُ نَفْسٌ شَيْئًا وَلَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٥٤﴾

54. അന്നാളിൽ ആരോടും യാതൊരു അനീതിയും ഉണ്ടാകുന്നതല്ല. നിങ്ങൾ ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലം മാത്രം ലഭിക്കുന്നു.

**54**

فَالْيَوْمَ = അന്നാളിൽ

لَا تُظْلَمُ نَفْسٌ شَيْئًا = ഒരാളും, ആത്മാവും അക്രമിക്കപ്പെടുന്നില്ല (ആരോടും യാതൊരു അനീതിയുമുണ്ടാകുന്നതല്ല)

وَلَا تُجْزَوْنَ = നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നില്ല (നിങ്ങൾ ഓരോരുത്തർക്കും പ്രതിഫലം ലഭിക്കുന്നു)

إِلَّا مَا كُنتُمْ تَعْمَلُونَ = നിങ്ങൾ പ്രവർത്തിച്ചിരുന്നതെന്തോ അതിനല്ലാതെ (അവരവർ പ്രവർത്തിച്ചതിന്റെ മാത്രം)

എല്ലാവരും അല്ലാഹുവിന്റെ സമക്ഷം ഹാജരാക്കപ്പെടുമ്പോള്‍ അല്ലാഹു അരുള്‍ ചെയ്യുന്നു: എല്ലാവര്‍ക്കും സമ്പൂര്‍ണമായ നീതി ലഭിക്കുന്ന ദിനമാണിത്. ആരോടും അണു അളവ് അനീതിയുണ്ടായിരിക്കുന്നതല്ല. ഇവിടെ നിശിതമായ വിചാരണ നടക്കുന്നു. ഓരോ വ്യക്തിക്കും അയാളുടെ നന്മതിന്മകള്‍ ഒന്നൊഴിയാതെ രേഖപ്പെടുത്തിയ കര്‍മപുസ്തകം നല്‍കുന്നു. അതു വായിക്കുമ്പോള്‍ തങ്ങള്‍ ചെയ്ത സല്‍ക്കര്‍മങ്ങളും ദുഷ്കര്‍മങ്ങളും വ്യക്തമായി മനസ്സിലാകും. സ്വയം ബോധ്യപ്പെട്ട പാപപുണ്യങ്ങളെ ആധാരമാക്കിയായിരിക്കും ശിക്ഷയും രക്ഷയും വിധിക്കപ്പെടുന്നത്.

ഓരോ വ്യക്തിക്കും, അയാള്‍ ഭൗതിക ലോകത്ത് പ്രവര്‍ത്തിച്ചതെന്താണോ അതര്‍ഹിക്കുന്ന കര്‍മഫലം മാത്രം വിധിക്കുന്നു. മനുഷ്യകര്‍മങ്ങള്‍ തെളിയിക്കാനുള്ള ഏറ്റം പ്രബലമായ രേഖയാണ് കര്‍മപുസ്തകം. ഖുര്‍ആന്‍ കര്‍മപുസ്തകം എന്ന് വ്യവഹരിക്കുന്നത് അതവതരിക്കുന്ന കാലത്ത് പൂര്‍വ സംഭവങ്ങള്‍ കൃത്യമായി സൂക്ഷിക്കാനുള്ള പരിചിതമായ ഒരേയൊരു മാര്‍ഗം പുസ്തകത്തില്‍ എഴുതിവെക്കുക മാത്രമായിരുന്നതുകൊണ്ടാവാം. ആധുനിക ഓഡിയോ-വീഡിയോ വിദ്യകളുടെ വെളിച്ചത്തില്‍ ചിന്തിക്കുമ്പോള്‍ കര്‍മപുസ്തകം പുസ്തകം തന്നെ ആയിക്കൊള്ളണമെന്നില്ല. ജീവിതം മുഴുവന്‍ ഒറ്റനോട്ടത്തില്‍ ദൃശ്യമാകുന്ന മറ്റെന്തെങ്കിലും സങ്കേതവുമാകാം. അതുപറഞ്ഞാല്‍ അക്കാലത്തെ അനുവാചകര്‍ക്ക് സംവേദനം ചെയ്യാന്‍ കഴിയില്ലല്ലോ. ●

---

إِنَّ أَصْحَٰبَ ٱلْجَنَّةِ ٱلْيَوْمَ فِى شُغُلٍ فَٰكِهُونَ ﴿٥٥﴾

55. സ്വര്‍ഗാവകാശികള്‍ അന്ന് ആനന്ദകരമായ ഏര്‍പ്പാടുകളില്‍ വ്യാപൃതരാകുന്നു.

هُمْ وَأَزْوَٰجُهُمْ فِى ظِلَٰلٍ عَلَى ٱلْأَرَآئِكِ مُتَّكِـُٔونَ ﴿٥٦﴾

56. അവരും അവരുടെ സഖാക്കളും ശീതളഛായയില്‍ ചാരുമഞ്ചങ്ങളില്‍ ചാരിയിരിക്കുന്നു.

لَهُمْ فِيهَا فَٰكِهَةٌ وَلَهُم مَّا يَدَّعُونَ ﴿٥٧﴾

57. അവര്‍ക്കവിടെ വിശിഷ്ട ഭോജ്യങ്ങളുണ്ട്. അവരാവശ്യപ്പെടുന്നതെന്തും ലഭിക്കുന്നു.

سَلَٰمٌ قَوْلًا مِّن رَّبٍّ رَّحِيمٍ ﴿٥٨﴾

58. സലാം (സമാധാനം). വിധാതാവിങ്കല്‍നിന്നുള്ള വചനം കൊണ്ട് അവര്‍ അഭിവാദ്യം ചെയ്യപ്പെടുന്നു.

**55-58**

إِنَّ أَصْحَابَ الْجَنَّةِ الْيَوْمَ = അന്ന് തീര്‍ച്ചയായും സ്വര്‍ഗാവകാശികള്‍

فِي شُغُلٍ فَاكِهُونَ = ജോലിയില്‍ ആനന്ദിക്കുന്നവരാകുന്നു (ആനന്ദകരമായ ഏര്‍പ്പാടുകളില്‍ വ്യാപൃതരാകുന്നു)

هُمْ وَأَزْوَاجُهُمْ = അവരും അവരുടെ ഇണകളും (സഖാക്കളും)

فِي ظِلَالٍ = ശീതളഛായയില്‍ عَلَى الْأَرَائِكِ = ചാരുമഞ്ചങ്ങളിന്മേല്‍

مُتَّكِئُونَ = ചാരിയിരിക്കു(ന്നു)ന്നവരാകുന്നു لَهُمْ فِيهَا فَاكِهَةٌ = അവര്‍ക്കവിടെ പഴങ്ങള്‍ (വിശിഷ്ട ഭോജ്യങ്ങള്‍) ഉണ്ട്

وَلَهُمْ مَّا يَدَّعُونَ = അവര്‍ പ്രാര്‍ഥിക്കുന്നത്, ആവശ്യപ്പെടുന്നതെ(ന്തും)ന്തോ അത് ഉണ്ട് (ലഭിക്കുന്നു)

سَلَامٌ = സമാധാനം

قَوْلًا مِّن رَّبٍّ رَّحِيمٍ = വിധാതാവിങ്കല്‍നിന്നുള്ള വചനത്തെ (വചനം കൊണ്ട് അവര്‍ അഭിവാദ്യം ചെയ്യപ്പെടുന്നു)

വിചാരണാസഭയില്‍ ശിഷ്ടരും ദുഷ്ടരും വേര്‍തിരിക്കപ്പെട്ടുകഴിഞ്ഞാല്‍ ശിഷ്ടരുടെ അവസ്ഥ വര്‍ണിക്കുകയാണ്: അവര്‍ സ്വര്‍ഗാവകാശികളാകുന്നു. സ്വര്‍ഗാവകാശികള്‍ ആനന്ദകരമായ ലീലാവിലാസങ്ങളില്‍ വ്യാപൃതരാകുന്നു. ഉയിര്‍ത്തെഴുന്നേല്‍പിക്കപ്പെട്ടപ്പോള്‍ ദുഷ്ടജനത്തിനുണ്ടായ ഭയവിഹ്വലതയും ഖേദവുമൊന്നും അവരെ സ്പര്‍ശിക്കുന്നില്ല. مَن جَاءَ بِالْحَسَنَةِ فَلَهُ خَيْرٌ مِّنْهَا وَهُم مِّن فَزَعٍ يَوْمَئِذٍ آمِنُونَ (നന്മയുമായി വന്നവര്‍ക്ക് അതിനേക്കാള്‍ മികച്ച നന്മ ലഭിക്കും. അവര്‍ അന്നാളിലെ ഭീകരതകളില്‍നിന്ന് നിര്‍ഭയരാകുന്നു- 27:89). لَا يَحْزُنُهُمُ الْفَزَعُ الْأَكْبَرُ وَتَتَلَقَّاهُمُ الْمَلَائِكَةُ هَٰذَا يَوْمُكُمُ الَّذِي كُنتُمْ تُوعَدُونَ (ദൈവധിക്കാരികളെ ബാധിക്കുന്ന മഹാ ഭീകരത അവരെ വ്യാകുലപ്പെടുത്തുന്നില്ല. 'നിങ്ങള്‍ക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന ദിവസമാണിത്' എന്നോതി മലക്കുകള്‍ അവരെ സ്വീകരിക്കുന്നു- 21:103). ഇവിടെ فِي شُغُلٍ فَاكِهُونَ എന്നാണ് പറയുന്നത്. ജോലിയും ദൈനംദിന വ്യവഹാരവുമാണ് شُغل. ഒരാള്‍ ഏര്‍പ്പെടുന്ന ഏതു കാര്യവും അയാളുടെ شُغُل ആകുന്നു. നര്‍മവും നേരംപോക്കും ആമോദവും فَكَاهَة ആണ്. അതില്‍നിന്നുള്ള കര്‍തൃവചനമാണ് فَاكِهُونَ- രസിക്കുന്നവര്‍, ആഹ്ലാദിക്കുന്നവര്‍. ഫലിതപ്രിയനും നര്‍മരസികനും فُكَاهِي ആണ്. ഭൂതകാല ക്രിയാരൂപം فَكِهَ. പഴങ്ങള്‍ക്ക് فَاكِهَة എന്നു പറയുന്നു. ധാന്യങ്ങളെ അപേക്ഷിച്ച് കൂടുതല്‍ രുചികരവും സുന്ദരവുമായ ഭോജ്യമായതുകൊണ്ടാണ് പഴങ്ങളെ കുറിക്കാന്‍ ഈ പദം ഉപയോഗിക്കുന്നതെന്ന് പറയപ്പെടുന്നു. فَاكِهَانِيّ പഴക്കച്ചവടക്കാരനാണ്. ഈ സന്ദര്‍ഭത്തില്‍ فَاكِهَة കൊണ്ട് വിവക്ഷിക്കുന്നത് പഴങ്ങള്‍ മാത്രമല്ല; രുചികരമായ വിശിഷ്ട ഭോജ്യങ്ങളെല്ലാമാണ്. സജ്ജനങ്ങള്‍ സ്വര്‍ഗലോകത്ത് അനുഭവിക്കുന്ന സുഖസൗഭാഗ്യങ്ങളില്‍ അവരുടെ കുടുംബങ്ങളും കൂട്ടുകാരുമെല്ലാം പങ്കാളികളായിരിക്കും.

അവരെല്ലാം സ്വർഗീയ ശീതളഛായയിൽ വിതാനിച്ച പര്യങ്കങ്ങളിൽ ചാരിയിരിക്കും. ازواج -ന്റെ ഭാഷാർഥം ഇണകൾ എന്നാണ്. ഇഷ്ടജനങ്ങളെ മുഴുവൻ ഉദ്ദേശിച്ചാണ് ഇവിടെ ഇത് ഉപയോഗിച്ചിരിക്കുന്നത്. ഒരാളുടെ സുഖവും സന്തോഷവും പൂർണമാകുന്നത് അയാളനുഭവിക്കുന്ന സുഖത്തിലും സന്തോഷത്തിലും അയാളുടെ ഭാര്യയും കുട്ടികളും മറ്റു പ്രിയപ്പെട്ടവരും കൂടി പങ്കാളികളാകുമ്പോഴാണല്ലോ. ഒരു സ്വർഗസ്ഥന്റെ കുടുംബവും പ്രിയപ്പെട്ടവരും അല്ലാഹുവിന്റെ നീതിവ്യവസ്ഥയിൽ ഈ അനുഗ്രഹത്തിനർഹരായിട്ടില്ലെങ്കിൽ അയാൾക്ക് അല്ലാഹു അവരേക്കാൾ മികച്ച വേറെ ഇണകളെയും ഇഷ്ടജനങ്ങളെയും പ്രദാനം ചെയ്യും.

ظلال -ന്റെ ഭാഷാർഥം തണലുകളാണ്. ظِلٌ ആണ് ഏകവചനം. പൂർവകാലത്ത് പച്ചില തിങ്ങിപ്പടർന്നു നിൽക്കുന്ന വൃക്ഷങ്ങളുടെ ചുവട്ടിലായിരുന്നു ഏറ്റം സുഖകരമായ അന്തരീക്ഷം ലഭിച്ചിരുന്നത്. ആധുനിക മനുഷ്യൻ വൻ സൗധങ്ങൾ മുതൽ ചെറു വാഹനങ്ങൾ വരെ താൻ പെരുമാറുന്ന എല്ലായിടവും ശീതീകരിക്കാനുള്ള വിദ്യ കണ്ടുപിടിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സ്വർഗീയാന്തരീക്ഷം അത്യന്തം സുഖശീതളമായിരിക്കുമെന്നാണ് فِي ظلال എന്ന വാക്ക് സൂചിപ്പിക്കുന്നതെന്നു മനസ്സിലാക്കാം. أَرِيكَة -ന്റെ ബഹുവചനമാണ് أَرَائِكِ. മോടി കൂടിയ ഇരിപ്പിടത്തിനും കട്ടിലിനും ഈ പദം ഉപയോഗിക്കും. അതിന്മേൽ ചാരിയിരിക്കുന്നവർ مُتَّكِئُونَ എന്നു പറഞ്ഞതിൽനിന്നും സോഫ പോലുള്ള ഇരിപ്പിടമാണ് ഉദ്ദേശ്യമെന്നു മനസ്സിലാക്കാം. يَدَّعُونَ -ന്റെ مصدر -ക്രിയാ മൂലം- دعاء ആവാം, ادّعاء -ഉം ആവാം. ആദ്യത്തേത് പ്രാർഥനയും രണ്ടാമത്തേത് അവകാശവാദവുമാകുന്നു. ആദ്യത്തേതനുസരിച്ച് അവർ പ്രാർഥിക്കുന്നതെല്ലാം ലഭിക്കുമെന്നും രണ്ടാമത്തേതനുസരിച്ച് തങ്ങൾക്കവകാശപ്പെട്ടതെന്ന് അവർ വിചാരിക്കുന്നതെല്ലാം അവർക്കവകാശപ്പെട്ടതുതന്നെയായിരിക്കും എന്നുമാണ് താൽപര്യം. രണ്ടിന്റെയും സാരാംശം ആഗ്രഹിക്കുന്നതൊക്കെയും ലഭിക്കും എന്നാകുന്നു. يَدَّعُونَ -ന്റെ അസ്സൽ രൂപം يدتعيون എന്നാണ്. ഉച്ചാരണ സൗകര്യാർഥം تاء -നെ دال -ൽ ലയിപ്പിച്ച് تاء -ന്റെ അകാരം دال -നും ياء -നെ അനുക്തമാക്കി അതിന്റെ ഉകാരം عين -നും നൽകിയപ്പോഴാണ് يَدَّعُونَ ആയത്. 41:31-ൽ وَلَكُمْ فِيهَا مَا تَشْتَهِي أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ (അവിടെ നിങ്ങൾ ആശിക്കുന്നതെന്തും ലഭിക്കും, നിങ്ങളാവശ്യപ്പെടുന്നതെന്തും നിങ്ങളുടേതായിരിക്കും) എന്നു പറയുന്നുണ്ട്. سَلَامٌ എന്നത് ആഖ്യ അനുക്തമായ ഒരു വാക്യത്തിന്റെ ആഖ്യാതമാകുന്നു. പൂർണ രൂപം تحيتهم فيها سلام (അവരവിടെ സലാം എന്നഭിവാദ്യം ചെയ്യപ്പെടുന്നു). 33-44-ൽ تَحِيَّتُهُمْ يَوْمَ يَلْقَوْنَهُ سَلَامٌ (അതിനെ കണ്ടുമുട്ടും നാളിൽ അവരുടെ അഭിവാദനം 'സലാം' എന്നാകുന്നു) എന്ന് പ്രസ്താവിക്കുന്നുണ്ട്. എല്ലാ സ്വർഗകവാടങ്ങളിലൂടെയും മലക്കുകൾ കടന്നുവന്ന് സ്വർഗവാസികളെ അല്ലാഹുവിന്റെ 'സലാം' -സമാധാനാശംസ- അറിയിക്കുമെന്ന് ചില നബിവചനങ്ങളിൽ പറയുന്നു. ഇവിടെ പ്രസ്താവിക്കുന്നത് സ്വർഗാവകാശികൾക്ക് അല്ലാഹു 'സമാധാനം ആശംസിക്കുമെ'ന്നാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് മലക്കുകളിലൂടെ അല്ലാഹു അവർക്ക് സലാം ചൊല്ലി അയക്കും എന്നാവാം. അല്ലാഹു നേരിട്ടു വന്ന് സലാം പറയും എന്നുമാവാം. സലാം മലക്കുകളോട് ചൊല്ലി അയക്കുന്നതിനേക്കാൾ മഹത്വമുള്ളതാണ് അല്ലാഹു നേരിട്ടാഗതനായി അരുളുന്നത്. ഇബ്നുമാജയും അബൂഹാതിമും മറ്റും ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: ''സ്വർഗവാസികൾ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കെ മീതെ ഒരു വെളിച്ചം പരക്കുന്നു. അവർ ശിരസ്സുയർത്തി നോക്കുമ്പോൾ റബ്ബ് അതാ അവർക്കു മീതെ പ്രശോഭിതനായിരിക്കുന്നു. അവൻ പറയുന്നു: സ്വർഗവാസികളേ, അസ്സലാമു അലൈകും. അതാണ് سَلَامٌ قَوْلًا مِّن رَّبٍّ رَّحِيمٍ എന്ന വചനം. അവർ അവനെ നോക്കിക്കൊണ്ടേയിരിക്കും. അവനെ കണ്ടുകൊണ്ടിരിക്കുമ്പോൾ മറ്റൊരനുഗ്രഹത്തിലേക്കും അവർ തിരിഞ്ഞുനോക്കുകയില്ല; അവൻ മറഞ്ഞുപോവുകയും അവന്റെ തേജസ്സും അനുഗ്രഹവും അവരുടെ ഗേഹങ്ങളിൽ ശേഷിക്കുകയും ചെയ്യുന്നതുവരെ.''

قَوْلًا مِّن رَّبٍّ رَّحِيمٍ എന്ന വാക്യത്തിന് വ്യാകരണപരമായി പലതരം വിശദീകരണങ്ങൾ നൽകപ്പെട്ടിരിക്കുന്നു. നാം സ്വീകരിക്കുന്നത് قولا എന്നത് അനുക്തമായ ഒരു ക്രിയയുടെ കർമമാകുന്നു എന്ന വിശദീകരണമാകുന്നു. يُقَال لَهُم قَوْلًا مِّن رَّبٍّ رَّحِيمٍ എന്നാകും അപ്പോൾ പൂർണ രൂപം. സലാം എന്ന വിധാതാവിങ്കൽനിന്നുള്ള വചനം അവരോടു പറയപ്പെടുന്നു, അഥവാ അല്ലാഹുവിങ്കൽനിന്ന് അവർ സലാം കൊണ്ട് അഭിവാദ്യം ചെയ്യപ്പെടുന്നു എന്നു സാരം. ഖുർആൻ വാഗ്ദാനം ചെയ്യുന്ന ഏറ്റം വിശിഷ്ടമായ സ്വർഗീയ സൗഭാഗ്യമാണ് സലാം-സമാധാനം. മറ്റെല്ലാ സൗഭാഗ്യങ്ങളും അതിനു താഴെയാണ്. എന്നല്ല, ആലോചിച്ചു നോക്കിയാൽ മറ്റുള്ളതെല്ലാം സുഖഭോഗങ്ങളും സൗഭാഗ്യങ്ങളുമായിത്തീരുന്നത് സമാധാനത്തിന്റെ സാന്നിധ്യത്തിലാണ്. ജീവിതത്തിൽ ശാന്തിയും സമാധാനവുമില്ലെങ്കിൽ മറ്റു നേട്ടങ്ങളെല്ലാം ഉണ്ടായതുകൊണ്ട് എന്തു സുഖം?! സഹസ്രകോടിപതികളേക്കാൾ, പരമാധികാര സിംഹാസനങ്ങളിരിക്കുന്നവരേക്കാൾ, പ്രശസ്തിയുടെ കൊടുമുടികളിൽ വാഴുന്നവരേക്കാൾ സംതൃപ്തരായി ജീവിക്കുന്ന എത്രയോ സാധാരണക്കാരുണ്ട്. മാളിക മുകളിലെ പട്ടുമെത്തയിൽ ശയിക്കുന്ന യജമാനൻ ഉറക്കം കിട്ടാതെ തിരിഞ്ഞുമറിയുമ്പോൾ താഴെ കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ കിടക്കുന്ന അടിമ സുഖമായി ഉറങ്ങുന്നു. കാരണം അവന്റെ മനസ്സ് ശാന്തമാണ്. അതിൽ അസൂയയുടെയും ആർത്തിയുടെയും ഉത്കണ്ഠയുടെയും പരവിദ്വേഷത്തിന്റെയും ചൂടും വേവുമില്ല. മനസ്സിനെ കന്മഷങ്ങളിൽനിന്ന് മുക്തമാക്കി ജീവിതം ദൈവത്തിനു സമർപ്പിച്ച് അവൻ വിധിക്കുന്നതെന്തും തൃപ്തിയോടെ സ്വീകരിക്കാൻ സന്നദ്ധരാകുന്നവർക്ക്, അവർ ഉള്ളവരായാലും ഇല്ലാത്തവരായാലും ശാന്തിയും സമാധാനവും ലഭിക്കുന്നു. ഈ വിധത്തിൽ മനുഷ്യന് ഇഹത്തിലും പരത്തിലും സമാധാനം നേടിക്കൊടുക്കുന്ന ധർമക്രമം എന്ന ആശയവും കൂടി ഉൾക്കൊള്ളുന്നതാണ് ദൈവിക ദീനിന്റെ 'ഇസ്‌ലാം' എന്ന നാമം. റഹ്മാന്റെ പര്യായമാണ് റഹീം. അല്ലാഹുവിന്റെ ഗുണമായി പറയുമ്പോൾ രണ്ടും തമ്മിൽ അർഥത്തിൽ സൂക്ഷ്മമായ വ്യത്യാസമുണ്ട്. ഭൗതികലോകത്ത് ശിഷ്ട-ദുഷ്ട വ്യത്യാസമന്യേ എല്ലാ സൃഷ്ടികളെയും അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന പരമകാരുണികനാണ് റഹ്മാൻ. ഭൗതികലോകത്ത് അല്ലാഹുവിന്റെ വിധിവിലക്കുകൾക്കു വിധേയമായി ജീവിതം നയിച്ച സജ്ജനങ്ങൾക്ക് പരലോകത്ത് സവിശേഷമായ കാരുണ്യം ചൊരിഞ്ഞുകൊടുക്കുന്നവനാണ് റഹീം. ●